ജനകീയസമിതി അംഗങ്ങൾക്ക് വില്ലേജിലെ നിശ്ചയിക്കപ്പെട്ട ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.കൂടാതെ ദുരന്ത സാഹചര്യങ്ങളിൽ അടിയന്തിരമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നം. ജനകീയസമിതി അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.കൂടാതെ ദുരന്തസാഹചര്യങ്ങളിൽ ജനപ്രതിനിധികൾക്ക് അടിയന്തിരമായി ഇടപെടേണ്ട സാഹചര്യങ്ങൾ വിശദീകരിയ്ക്കാവുന്നതുമാണ്.

ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന താത്പര്യമുള്ള ജന പ്രതിനിധികൾക്ക് തലസ്ഥാന നഗരിയ്ൽ നടക്കുന്ന കേരളീയം 2023 ന്റെ റവന്യൂ സെമിനാറിൽ പങ്കെടുക്കുന്നതിനും,വിവിധ സ്ഥലത്തായി അരങ്ങേറുന്ന പരിപാടികൾ വീക്ഷിയ്ക്കുന്നതിനും സൗകര്യമുണ്ടായിരിയ്ക്കുന്നതാണ്. കേരളീയം 2023 ന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ച് ജനകീയസമിതിയിൽ വിശദീകരിയ്ക്കേണ്ടതുമാണ്.

റവന്യൂ ജീവനക്കാരെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം,വില്ലേജ് ഓഫീസർക്ക് ടി വിവരം സംബന്ധിച്ച് കത്ത് നൽകാവുന്നതും,വി.ഒ തഹസിൽദാർ മുഖാന്തിരം ടി കത്ത് ജില്ലാ കളക്ടർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.